# മദ്യപാനത്തിൽ കേരളത്തിനു റെക്കോർഡ്

സുധീർകുമാർ

കേരളത്തിലെ യുവാക്കളുടെയും കൗമാരപ്രായക്കാരുടെയും ഇടയിൽ മദ്യത്തിന്റെയും പുകയില ഉല്പന്നങ്ങളുടെയും ഉപയോഗം വർദ്ധിച്ചു വരുന്നതായി കാണുന്നു.

ഇന്ത്യയിൽ "മദ്യപാനികളുടെ നാട്" എന്ന ബഹുമതി നൽകാവുന്ന സംസ്ഥാനം കേരളമാണ്. ജനസംഖ്യയിൽ ഏറ്റവും കൂടുതൽ ശതമാനം മദ്യപാനികളുള്ള സംസ്ഥാനവും മദ്യത്തിന്റെ പ്രതിശീർഷ ഉപയോഗം ഏറ്റവും കൂടിയ സംസ്ഥാനവും കേരളമാണ്.

കേരളത്തിലെ പുതിയതലമുറയും മദ്യപാനശീലത്തിലേക്കുള്ള ചുവടുവയ്പുകളിലാണ്. 1990ലെ സർവ്വേകളിൽ പുതിയ ചെറുപ്പക്കാർ മദ്യപാനശീലം തുടങ്ങുന്ന പ്രായം 19 ആയിരുന്നു. പുരുഷനെ സംബന്ധിച്ചിടത്തോളം പ്രായപൂർത്തി ആയി കഴിഞ്ഞ പ്രായമാണത്. പക്ഷെ, പത്തുവർഷം കഴിഞ്ഞ്, 2000-ത്തിലെത്തുമ്പോൾ മദ്യപാനമാരംഭിക്കുന്ന പ്രായം 14 വയസ്സായി ചുരുങ്ങിയിരിക്കുകയാണ്. ഇതിനെ ഗുരുതരമായ ഒരു സംഭവവികാസമായി സാമൂഹികാരോഗ്യവിദഗ്ദർ കണക്കാക്കുന്നു.

കൗമാരപ്രായക്കാർ ഇപ്പോൾ മദ്യം രുചിച്ചുതുടങ്ങുന്നത് വീട്ടിൽ നിന്നാണെന്നും നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. കുട്ടികൾ വലിയ കുട്ടികളാകുന്നതിന്റെ അംഗീകാരമായി അല്പം ബിയർ ഷെയർ ചെയ്യാനുള്ള അവകാശം മാതാപിതാക്കൾ തന്നെ ആൺകുട്ടികൾക്കു നൽകുന്നതായാണ് പുതിയ പ്രവണത. മാതാപിതാക്കൾതന്നെ അംഗീകരിക്കുന്ന ഒരു കാര്യം 'തെറ്റാ'യികാണാൻ കൗമാര മനസ്സുകൾക്കു കഴിയില്ലല്ലോ. സിനിമയിലെ സൂപ്പർ താരങ്ങളുടെ ജനപ്രിയകഥാപാത്രങ്ങൾ പുരുഷന്റെ ലക്ഷണങ്ങളിലൊന്നായി മദ്യപാനശീലത്തെ പ്രചരിപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടുതാനും. ഇത്തരം ചുറ്റുപാടുകളിൽ, 14-15 വയസ്സിൽ ബിയർ രുചിച്ചുതുടങ്ങുന്ന കുട്ടികൾ ഏകദേശം 20 വയസ്സോടെ 'സീരിയസ്' ബ്രാന്റുകളിലേക്കു മാറുന്നു എന്നാണ് കാണുന്നത്.

"രണ്ടാമത്തെയോ ഇരുപതാമത്തെയോ നൂറാമത്തെയോ ഗ്ലാസല്ല; ഒന്നാമത്തെ ഗ്ലാസാണ് ഒരാളെ മദ്യപാനിയാക്കുന്നത് - അതുകൊണ്ട് ഒഴിവാക്കേണ്ടത് ആ ആദ്യത്തെ ഗ്ലാസാണ്" എന്നൊരു ചൊല്ലുണ്ട്. ഏതു സാഹചര്യത്തിലും അതു ശരിയാണ്.

ജനപ്രിയമാധ്യമങ്ങൾ മാത്രമല്ല ഭരണകൂടവും, കേരളത്തിൽ, മദ്യപാനത്തെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്ന സംഗതിയും വളരുന്ന മദ്യപാനശീലത്തിന്റെ കാരണങ്ങളിലൊന്നാണ്.

കേരളം മന:ക്കരുത്തില്ലാത്തവരും ആത്മഹത്യാപ്രവണത പേറുന്നവരുമായ ഒരു ജനതയുടെ നാടായി മാറിക്കൊണ്ടിരിക്കുന്നതിൽ മദ്യപാനശീലത്തിന് വ്യക്തമായ പങ്കുണ്ടെന്നും ചൂണ്ടികാണിക്കപ്പെടുന്നു. റിപ്പോർട്ട് ചെയ്യപ്പെടുന്ന കുറ്റ കൃത്യങ്ങളിൽ എൺപതുശതമാനത്തിനുമേലും മദ്യമുപയോഗിച്ചശേഷമാണ് നടത്തുന്നത് എന്നു കാണാം. വാഹനാപകടങ്ങളിൽ പകുതിയിലേറെയും നടക്കുമ്പോൾ ഏതെങ്കിലും ഒരു ഭാഗത്തെ ഡ്രൈവറെങ്കിലും മദ്യപിച്ചിരുന്നതായി കാണുന്നു. മദ്യപാനം മൂലം അമ്പതുവയസ്സിനുമേൽ മദ്യപാനികൾക്കുണ്ടാകുന്ന വ്യക്തിപരമായ ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ മറ്റൊരു പ്രത്യേക പഠനമേഖലയാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ മദ്യപാനശീലത്തിനെതിരായ ചുറുചുറുക്കുള്ള ഒരു പ്രസ്ഥാനം, കൗമാരപ്രായക്കാരെ ലക്ഷ്യമാക്കി, പ്രവർത്തനമാരംഭിക്കേണ്ടതുണ്ട്. ആദ്യത്തെ ഗ്ലാസിനെ തടുക്കുന്ന ഒരു പ്രസ്ഥാനം.